ളിലുള്ള സഹകരണ ബാങ്കുകളുടെയും സഹകരണ സ്ഥാപനങ്ങളുടെയും പണംകൂടി ഈ നിധിയിലേക്ക് ലഭിക്കത്തക്കതരത്തിൽ ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഇത് നല്ലൊരു നിർദ്ദേശമാണ്. അത് പരിശോധിക്കാം, ആവശ്യമായ പ്രവർത്തനം നടത്തുകയും ചെയ്യാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ഈ പ്രോഗ്രാമിൽ രണ്ടുകോടിരൂപ സംസ്ഥാന ഗവൺമെന്റും ഒരു കോടി രൂപ കേന്ദ്ര ഗവൺമെന്റും നൽകിയെന്നും ഈ തുക നമ്മുടെ സംസ്ഥാനത്ത് ഈ ആവശ്യത്തിലേക്ക് തികയുകയില്ലെന്നും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അത്തരമൊരു സാഹചര്യത്തിൽ വിദേശ മലയാളികളടക്കം പാവപ്പെട്ട രോഗികളോട് കരുണ കാണിക്കുന്ന ലക്ഷക്കണക്കായ ജനങ്ങളെ ഈ പദ്ധതിയിലേക്ക് സഹായം നൽകുന്നതിന് പ്രേരിപ്പിക്കാനും ഒരു നിധി ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽത്തന്നെ രൂപീകരിക്കാനും ആവശ്യമായ നടപടികൾക്ക് നേതൃത്വം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഞാൻ നേരത്തെ സൂചിപ്പിച്ചു, ആരോഗ്യരംഗത്ത് വിദേശത്തുള്ള മലയാളികളുടെ സഹായത്തിനുവേണ്ടി വ്യക്തിപരമായ കത്തുതന്നെ ആയിരത്തോളം പേർക്ക് ഞാൻ അയച്ചിരുന്നു. ചിലർ ആ കാര്യത്തിൽ സഹായിക്കുകയും ചെയ്തു. എല്ലാവരുടെയും കൂട്ടായ ശ്രമമുണ്ടെങ്കിൽ അത്തരം ആളുകളുടെ സഹായം ലഭിക്കാൻ ഇടയാകും. തീർച്ചയായും ഇതുസംബന്ധിച്ച് വ്യാപകമായ പ്രചരണങ്ങൾ നടത്തുകയും ഈ പ്രചരണത്തിലൂടെ കൂടുതൽ തുക സ്വരൂപിക്കാൻ ശ്രമിക്കുകയും ചെയ്യാം. കൂടുതൽ തുക സ്വരൂപിച്ചാൽ കൂടുതൽ പേർക്ക് കൊടുക്കാൻ കഴിയുമെന്നതുകൊണ്ട് അതിനുള്ള എന്ത് ശ്രമവും ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

2 (*2) സംസ്ഥാന പോലീസ്‌വകുപ്പിലെ പരിഷ്കാരങ്ങൾ

ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസിൽ എന്തെല്ലാം പുതിയ പരിഷ്കാരങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എത്രയെണ്ണം മാതൃകാ പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(സി) മാതൃകാ പോലീസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേകതകൾ എന്തെല്ലാം;

(ഡി) പോലീസ് സേനാംഗങ്ങൾക്ക് ജോലി സമയം എട്ടു മണിക്കൂർ ആക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ നടപടിക്രമം എന്നത്തേക്ക് പൂർത്തിയാകും; ഇതിനായി എത്രപേരെ അധികം നിയമിക്കേണ്ടിവരുമെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വനിതകൾക്കെതിരെയുള്ള അതിക്രമം തടയുന്നതിന് ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഒരു വനിതാസെല്ലും, 17 ജില്ലാ പോലീസ് ഓഫീസുകളോടനുബന്ധമായി ഒരു വനിതാ സബ് ഇൻസ്പെക്ടർ, രണ്ട് വനിതാ ഹെഡ്കോൺസ്റ്റബിൾമാർ, രണ്ട് വനിതാ കോൺസ്റ്റബിൾമാർ, എന്നി വരടങ്ങുന്ന വനിതാ സെല്ലും രൂപീകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പ്രധാനപ്പെട്ട റെയിൽവെ സ്റ്റേഷനുകളിൽ വനിതായാത്രക്കാർക്ക് കൂടുതൽ സുരക്ഷിതത്വം നൽകുന്നതിനായി വനിതാപോലീസിന്റെ സാന്നിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

2. കുറ്റകൃത്യങ്ങൾ തടയുന്നതിനും അവ ഉണ്ടായാൽ അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ മൂന്നു സിറ്റികളിലും ഫ്ളയിംഗ് സ്കാഡ് പ്രവർത്തിക്കുന്നതിനുപുറമേ 'ഡയൽ 100' സംവിധാനത്തോടുകൂടി കൺട്രോൾ റൂമും, ഫ്ളയിംഗ് സ്കാഡും കൊല്ലം, കോട്ടയം, പാലക്കാട്, കണ്ണൂർ, തൃശൂർ എന്നീ പട്ടണങ്ങളിലും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ ആസ്ഥാനങ്ങളിലും ഫ്ളയിംഗ് സ്കാഡ് സംവിധാനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും, ഇതിന്റെ ആദ്യപടി എന്ന നിലയിൽ നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഫ്ളയിംഗ് സ്കാഡ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് ഒരു പ്രത്യേക സംവിധാനമെന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ പാന്തർ പട്രോളിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നഗരങ്ങളിൽ നിലവിലുള്ള പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മോട്ടോർ സൈക്കിൾ ഉപയോഗിച്ചുള്ള റാപ്പിഡ് ആക്ഷൻ പട്രോളിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

3. കുറ്റകൃത്യങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് സ്വയം വെളിപ്പെടുത്താതെതന്നെ വിവരം നൽകുന്നതിനുള്ള ക്രൈംസ്റ്റോപ്പർ സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുണ്ടാകുന്ന കുറ്റകൃത്യങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ഉടൻതന്നെ ശേഖരിച്ച് മോണിറ്റർ ചെയ്യുന്നതിനുവേണ്ടി രാവിലെ 9 മണിമുതൽ രാത്രി 9 മണിവരെ പ്രവർത്തിക്കുന്ന ക്രൈം മോണിറ്ററിംഗ് റൂം സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങളിൽനിന്നും ഡി.ജി.പി.ക്ക് നേരിട്ടുകിട്ടുന്ന പരാതികൾ അന്വേഷിക്കുന്നതിനുവേണ്ടി "പബ്ളിക് വിൻഡോ സിസ്റ്റം" പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രവാസി മലയാളികളുടെ പരാതികൾ സ്വീകരിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടി പ്രത്യേകമായി പബ്ളിക് വിൻഡോ സെല്ലിന്റെ ഭാഗമായി എ.ഐ.ജി.(പി.ജി.) യുടെ ചുമതലയിൽ ഒരു പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. കുറ്റവാളികളുടെ പ്രവർത്തന ശൈലി സസൂക്ഷ്മം നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനുവേണ്ടി സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയോടനുബന്ധിച്ച് ഒരു മോഡസ് ഓപ്പറാൻഡി ബ്യൂറോ പ്രവർത്തിച്ചുവരുന്നു.

4. പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഹരിജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിന് ഒരു ഐ.ജി.പി. (പ്രൊട്ടക്ഷൻ ഓഫ് സിവിൽ

LIBRARY ARCHIVES Kerala Legislative Assembly

റൈറ്റ്സ്) തസ്തിക സൃഷ്ടിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ഡി.വൈ.എസ്.പി.മാരുടെ തസ്തികകൾ സൃഷ്ടിച്ച് അവരുടെ ചുമതലയിൽ സ്കാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

5. സംസ്ഥാനത്തെ ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനും, റോഡപകടങ്ങൾ കുറയ്ക്കുന്നതിനും, സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു ഐ.ജി.പി.യുടെ തസ്തിക സൃഷ്ടിച്ചു. കുറ്റമറ്റ ട്രാഫിക് സംവിധാനം ലക്ഷ്യമാക്കി ദേശീയപാതയിലും എം.സി. റോഡിലും ഹൈവേ പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇടുക്കി, വയനാട് ജില്ലകളൊഴികെ മറ്റു പതിനഞ്ച് പോലീസ് ജില്ലകളിലും ഡി.വൈ.എസ്.പി/ സി.ഐ.മാരുടെ നേതൃത്വത്തിൽ ദൈനംദിന പട്രോളിംഗ് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്.

6. കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലോക്കൽ പോലീസിലും, വനിതാ പോലീസിന്റെ അംഗസംഖ്യ രണ്ടുശതമാനത്തിൽ നിന്നും പത്തു ശതമാനമായി ഉയർത്തുന്നതിന്റെ ഭാഗമായി വനിതാ പോലീസിലും, ടൂറിസം പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിച്ചു.

7. ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സീറോളജി, ബാലിസ്റ്റിക്സ്, ഡോക്യുമെന്റ്സ് (സിവിൽ) എന്നീ മൂന്നു പുതിയ വിഭാഗങ്ങൾ സൃഷ്ടിച്ചു. ഫിംഗർ പ്രിന്റ് താരതമ്യപഠനം ത്വരിതപ്പെടുത്തി കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് ഫിംഗർ പ്രിന്റ് ബ്യൂറോയിൽ അത്യാധുനിക കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

8. ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സ്കാഡിന്റെ ഓരോ യൂണിറ്റുകൾ എസ്.ബി.സി.ഐ.ഡി. ഹെഡ്ക്വാർട്ടേഴ്സിലും എസ്. ബി.സി.ഐ.ഡി.യുടെ മൂന്നു സോണുകളിലുമായി ആരംഭിച്ചു. തീവ്രവാദശക്തികളെ നേരിടുന്നതിനും, അതോടൊപ്പംതന്നെ സ്ഫോടകവസ്തുക്കൾ കണ്ടുപിടിക്കാനും, നിർവീര്യമാക്കാനുമുള്ള ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ എക്യുപ്മെന്റ് പോലീസ്സേന കരസ്ഥമാക്കിയിട്ടുണ്ട്.

9. സി.ബി.സി.ഐ.ഡി.യുടെ പുനഃസംഘടനയുടെ ഭാഗമായി പോലീസ് കോൺസ്റ്റബിൾ മുതൽ ഡി.വൈ.എസ്.പി. വരെയുള്ള പുതിയ തസ്തികകൾ സൃഷ്ടിച്ചു.

10. ഇലക്ട്രോണിക് മെയിൽ സംവിധാനത്തിലൂടെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള വിവരങ്ങളും, പരാതികളും കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു ഹൈടെക് കൺട്രോൾ റൂം കൊല്ലം ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സംവിധാനത്തിൽ കേരളാ പോലീസ് ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ലോകത്തിന്റെ ഏതുഭാഗത്തുനിന്നും പരാതികൾ കമ്പ്യൂട്ടർ മുഖാന്തിരം ഡി.ജി.പി.ക്ക് നൽകാവുന്നതാണ്.

11. പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ പ്രഥമവിവര റിപ്പോർട്ട് പരാതിക്കാരന് സ്റ്റേഷനിൽനിന്നും നൽകുന്നതിന് പുറമേ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ തപാൽവഴി അയച്ചു കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

12. കുറ്റാന്വേഷണത്തിലും ക്രമസമാധാനപാലനത്തിലും പൊതുജനസമ്പർക്കത്തിലും പോലീസ് ഉദ്യോഗസ്ഥന്മാർക്ക് കാലാകാലങ്ങളിൽ ആവശ്യമായ പരിശീലനം നൽകുന്നുണ്ട്.

13. പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കുന്നതിനും കേസ് അന്വേഷണത്തെ സംബന്ധിച്ചും മുഖ്യമന്ത്രിയുടെ പത്ത് നിർദ്ദേശങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രദർശിപ്പിക്കുകയും അത് കർശനമായി നടപ്പിലാക്കിവരികയുമാണ്. മുഖ്യമന്ത്രിയുടെ പത്ത് നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

14. ക്രമസമാധാനപാലനം ശക്തിപ്പെടുത്തുന്നതിനും തീവ്രവാദ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിനുമായി കേരളാ റൈഫിൾസ് എന്ന പേരിൽ മൂന്നു സ്വായുധ ബറ്റാലിയനുകൾ രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്.

15. വിദഗ്ദ്ധ ചികിൽസക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ പോലീസ് സേനാംഗങ്ങൾക്ക് ഒരു ആരോഗ്യ ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) സംസ്ഥാനത്തെ 19 പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനുകളായി പ്രവർത്തിച്ചുവരുന്നു.

(സി) മാതൃകാപോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ സംവിധാനം ഏർപ്പെടുത്തി പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾക്ക് രസീത് നൽകുന്നു. പരാതിയുമായി വരുന്ന പൊതുജനങ്ങളോട് സൗമ്യമായി പെരുമാറുന്നതിനും അവർക്ക് ഇരിപ്പിടം നൽകുന്നതിനും കുടിവെള്ളം കൊടുക്കുന്നതിനും മറ്റും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ റെസിഡൻഷ്യൽ അസോസിയേഷനുകളുമായി സഹകരിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. തിരുവനന്തപുരം സിറ്റിയിലെ മാതൃകാപോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സൗകര്യത്തോടുകൂടി റിസപ്ഷൻ കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നു. മാതൃകാപോലീസ് സ്റ്റേഷനുകളിൽ പകൽ സമയം പാറാവു ഡ്യൂട്ടി മാറ്റി റിസപ്ഷൻ കൗണ്ടറായി പ്രവർത്തിക്കുന്നു.

(ഡി) പോലീസ് സേനാംഗങ്ങൾക്ക് ജോലിഭാരം എട്ടുമണിക്കൂർ ആക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും എട്ടുമണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ഗുണങ്ങൾ, അധികമായി വേണ്ടിവരുന്ന തസ്തികകൾ എന്നിവ പരിശോധിക്കുന്നതിനായി ഐ.ജി.പി. (എ.പി. ബെറ്റാലിയൻ ആന്റ് ട്രാഫിക്) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷമേ ഈ നടപടിക്രമം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും ഇതിനായി എത്രപേരെ അധികം നിയമിക്കേണ്ടിവരുമെന്നും കൃത്യമായി പറയാൻ കഴിയൂ.

<u>ശ്രീ. സത്യൻ മൊകേരി</u> : പോലീസ് സ്റ്റേഷനുകളിലും മറ്റും നൽകുന്ന പരാതികളുടെ മുകളിൽ രസീതുകൾ നൽകണമെന്ന് ഗവൺമെന്റ് വളരെ കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ എഫ്.ഐ.ആർ.-ന്റെ പകർപ്പും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിക്കുന്ന ഘട്ടത്തിൽ പല സ്ഥലങ്ങളിലും പരാതിക്കാർക്ക്

---

* അനുബന്ധം -II

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും രസീതു നൽകുന്നില്ല. അതുകൊണ്ട് രസീത് നിർബന്ധമായും നൽകണമെന്ന് കർശനമായി ആവശ്യപ്പെടാനും അതു നൽകാത്തവരുടെ മേൽനടപടി സ്വീകരിക്കാനും ഗവൺമെന്റ് തയാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : രസീത് കർശനമായി കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. രസീത് കൊടുക്കാത്തവരുടെ പേരിൽ നടപടി എടുക്കുകയും ചെയ്യും.

ശ്രീ. സത്യൻ മൊകേരി : തിരുവനന്തപുരത്തുള്ള ഫോറൻസിക് ലാബിൽ പൊട്ടിത്തെറിയുണ്ടായി. ശ്രീ. രാജേന്ദ്രബാബു അതേപറ്റി അന്വേഷണം നടത്തുകയും ചെയ്തു. അന്നത്തെ സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ചു. ആ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ പ്രവർത്തനം പൂർത്തിയാക്കികൊണ്ടുള്ള റിപ്പോർട്ട് ലഭിച്ചോ; ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ പോകുന്നതെന്നു വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ആ റിപ്പോർട്ട് പൂർത്തിയായി കിട്ടിയിട്ടില്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സ്ത്രീപീഡന കേസുകൾ അന്വേഷിക്കുന്നതിന് മറ്റു നടപടികൾ സ്വീകരിക്കുന്നതിനുമായി കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ ജില്ലകളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ഇപ്പോൾത്തന്നെയുണ്ട്. ആവശ്യമായി വരികയാണെങ്കിൽ മറ്റു സ്ഥലങ്ങളിലും വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുക്കും.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : മുഖ്യമന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കേസ്സുകൾ അന്വേഷിക്കുന്നതിനും മറ്റു നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു ഐ.ജി.പി.യേയും മൂന്നു ഡി.വൈ.എസ്പി. മാരേയും നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞു. മൂന്നു ജില്ലകളിലാണ് ഈ സംവിധാനമുള്ളത്. മറ്റു ജില്ലകളിൽ ഡി.വൈ.എസ്.പി. മാരെ നിയമിക്കുന്നതിനും പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക സെല്ലുകൾ തുറക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അതേപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ.കെ.പി. രാജേന്ദ്രൻ : തീവ്രവാദപ്രവർത്തനങ്ങൾ തടയുന്നതിന് ശക്തമായ നടപടി എടുത്തുവരുന്നതായി മുഖ്യമന്ത്രി സൂചിപ്പിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെ പല ഭീകരപ്രവർത്തകന്മാരും നമ്മുടെ സംസ്ഥാനത്തുവന്ന് ജനങ്ങളുടെ സ്വൈര ജീവിതത്തിന് ഭീഷണി ഉയർത്തുന്ന നടപടികളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. പ്രത്യേകിച്ചും തീവണ്ടികളിലും തീവണ്ടി സ്റ്റേഷനുകളിലും ബോംബു വയ്ക്കുക, അജ്ഞാത ഫോൺ സന്ദേശങ്ങളയക്കുക, ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുക തുടങ്ങിയ കാര്യങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇവ തടയുന്നതിന് ഇപ്പോൾ എടുത്തുവരുന്ന നടപടികൾക്കുപുറമേ കുറേക്കൂടി ശക്തമായി സംസ്ഥാനത്തുടനീളം ഇതു പ്രചരിപ്പിക്കുന്നതിനെ തടയാനായി ഇന്റലിജൻസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടിയെടുക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇന്റലിജൻസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈയിടെ കാസർകോട് റെയിൽവേ സ്റ്റേഷനിൽവച്ച് ചില

LIBRARY ARCHIVES Kerala Legislative Assembly

സ്ഫോടക വസ്തുക്കൾ കണ്ടെത്തിയത് ഗോവയിലേക്ക് സ്ഫോടക വസ്തുക്കൾ കൊണ്ടുപോകുന്നതിനിടയിലായിരുന്നു. അതു കേരളത്തിലേക്കുള്ളതായിരുന്നില്ല. മംഗലാപുരത്തേക്കും മറ്റു സ്ഥലത്തേക്കും വേണ്ടിയുള്ളതായിരുന്നു. അതു സംബന്ധിച്ച് നമ്മുടെ പോലീസ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : നമ്മുടെ സംസ്ഥാനത്ത് റോഡപകടങ്ങൾ വളരെ വർദ്ധിച്ചുവരുന്നു. ധാരാളം മരണങ്ങൾ നിത്യേന റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. നേരത്തെ മറുപടി പറഞ്ഞപ്പോൾ നാഷണൽ ഹൈവേയിലും ചില പ്രധാനപ്പെട്ട റോഡുകളിലും ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള പോലീസ് സംവിധാനത്തെക്കുറിച്ചു പറഞ്ഞു. ആ ട്രാഫിക് സംവിധാനവും നമ്മുടെ സംസ്ഥാനത്ത് ഫലപ്രദമായി നടക്കുന്നില്ല. പ്രധാനപ്പെട്ട ചില പട്ടണപ്രദേശങ്ങളിലേ അതുള്ളൂ. ആധുനിക സൗകര്യങ്ങളും വാഹനസൗകര്യങ്ങളും വേണ്ടത്രയില്ല. അതുകൊണ്ട് അപകടങ്ങൾ വർദ്ധിച്ചുവരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ട്രാഫിക് സംവിധാനം കുറേക്കൂടി മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ട്രാഫിക് സംവിധാനത്തിന്റെ ഗതിതന്നെ മാറ്റേണ്ടിയിരിക്കുന്നു. ദിവസവും ഒട്ടേറെ മരണം നടക്കുന്നുണ്ട്. കടലിലൂടെയും വെള്ളത്തിലൂടെയും പോകുന്ന വഴി ശക്തിപ്പെടുത്തണം. ഇന്നലെ കോട്ടയത്ത് അപകടമുണ്ടായി. പോലീസ് സംവിധാനം ഒരുഭാഗത്തു നടക്കുന്നുണ്ട്, മറുഭാഗത്ത് മരണവും നടക്കുന്നുണ്ട്. അതിനാൽ തീരദേശ ജലപാതയിലൂടെ ഗതാഗതം തിരിച്ചുവിടുകയേ മാർഗ്ഗമുള്ളൂ. 54 പേർ കോട്ടയത്ത് ആശുപത്രിയിൽ കിടക്കുകയാണ്. രണ്ടു മൂന്നുപേരുടെ നില ഗുരുതരമാണെന്നാണ് പറയുന്നത്. ഡെയിലി മൂന്നും നാലും പേർ കേരളത്തിൽ മരണപ്പെടുന്ന സ്ഥിതിയാണ്.

<u>ശ്രീ. സി.എൻ. ജയദേവൻ</u> : പോലീസ് സേനയ്ക്ക് നൽകിയിട്ടുള്ള കുറ്റാന്വേഷണത്തിനുള്ള ആധുനിക പരിഷ്കരണത്തേയും മറികടക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരുന്നതായി കാണുന്നുണ്ട്. ചില പട്ടണങ്ങളിൽ അതു നേരിടുന്നതിനായി രാത്രികാലങ്ങളിൽ പട്രോളിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങളെപ്പറ്റി മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. തൃശൂർ പട്ടണത്തിൽ തേക്കിൻകാട് മൈതാനം പോലുള്ള വിശാലമായ പട്ടണപ്രദേശത്ത് സുരക്ഷയോടുകൂടി നടന്നുപോകാൻ കഴിയാത്ത അവസ്ഥ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കുട്ടികളെ തട്ടികൊണ്ടുപോകൽ, ആളുകളെ ബലാൽക്കാരമായി പിടിച്ച് പണം അപഹരിക്കൽ, വൃക്ക വിൽപ്പന നടത്തുന്ന സംഘങ്ങൾ ഉൾപ്പെടെയുള്ളവരുടെ പ്രവർത്തനങ്ങൾ നടക്കുന്നതായി അറിയുന്നു. ഇതെല്ലാം നേരിടുന്നതിന് എല്ലാ പട്ടണങ്ങളിലും സുശക്തമായ പോലീസ് പ്രവർത്തനം നടപ്പിലാക്കാൻ നടപടിയെടുക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ പട്ടണങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. മറ്റു പട്ടണങ്ങളിലും അതു സംബന്ധിച്ച് പരിശോധിക്കാം. കുട്ടികളെ തട്ടികൊണ്ടുപോകുന്നത് അന്യസംസ്ഥാനങ്ങളിലെ ആളുകളാണ്. ഈയിടെ ഒരു തമിഴ്നാട്ടുകാരൻ എണ്ണയും തേച്ച് ഉടുമുണ്ടില്ലാതെ ഒരു വീട്ടിൽ മോഷണത്തിനു കയറി ആ വീട്ടിലെ സ്ത്രീ നില വിളിച്ചതുകൊണ്ട് രക്ഷപ്പെട്ടു. ഇതെല്ലാം തടയുന്നതിന് രാവും പകലും ഫ്ളയിംഗ് സ്കാഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താം.

<u>ശ്രീ. സി.എൻ. ജയദേവൻ</u> : പോലീസ് സേനയെ പരിഷ്കരിക്കുന്നതോടൊപ്പംതന്നെ പോലീസുകാരുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് കൈക്കൊണ്ട നടപടികളെന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : അവരുടെ താമസസ്ഥലത്തിനു 200 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതിന്റെ പണികൾ നടത്തുകയാണ്.

ശ്രീ. പി. രാജു : ഇപ്പോഴും നമ്മുടെ നാട്ടിലെ പോലീസ് സ്റ്റേഷനുകളിൽ പ്രതികളെ കൈയ്യാമം വയ്ക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുകയാണ്. ഒഴിച്ചുകൂടാൻ വയ്യാത്ത സാഹചര്യത്തിൽ മാത്രമേ പ്രതിയെ കൈയ്യാമം വയ്ക്കാൻ പാടുള്ളുവെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. മാത്രമല്ല, അങ്ങനെ കൈയ്യാമം വയ്ക്കുകയാണെങ്കിൽ അത് പ്രത്യേകം രേഖപ്പെടുത്തിയതിനുശേഷം മാത്രമേ വയ്ക്കാവൂ എന്നാണ് ഗവൺമെന്റ് കൊടുത്തിട്ടുള്ള നിർദ്ദേശം. അത് പല പ്പോഴും ലംഘിക്കപ്പെടുകയാണ്. ഈ നിർദ്ദേശം കർശനമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അതിനെപ്പറ്റി ആക്ഷേപം കിട്ടിയാൽ തീർച്ചയായും നടപടിയെടുക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

ശ്രീ. പി. രാജു. മുഖ്യമന്ത്രിയുടെ പത്ത് നിർദ്ദേശങ്ങൾ പോലീസ് സ്റ്റേഷനുകളിലൊക്കെ പതിച്ചു വയ്ക്കാനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. സെക്രട്ടേറിയറ്റിന്റെ പടിക്കലുമുണ്ട്. എന്നാൽ കേരളത്തിലെ ഒരു പോലീസ് സ്റ്റേഷനിലും മുഖ്യമന്ത്രിയുടെ പത്ത് നിർദ്ദേശങ്ങൾ ഒരു പ്രതിയെ അറസ്റ്റു ചെയ്യുമ്പോൾ സ്വീകരിക്കേണ്ട കാര്യങ്ങൾ, സ്ത്രീകളോടു പെരുമാറേണ്ടത്, കുട്ടികളോട് പെരുമാറേണ്ടത് തുടങ്ങിയവ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ വയ്ക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ട് ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് എല്ലാ പോലീസ്സ്റ്റേഷനുകളുടെ മുൻപിലും ആളുകൾക്ക് വായിക്കാൻ കഴിയുന്ന വിധത്തിൽ വലിയ അക്ഷരത്തിൽ പത്ത് നിർദ്ദേശങ്ങളടങ്ങിയ ബോർഡുകൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ വയ്ക്കാൻ നിർദ്ദേശം കൊടുക്കുമോ? മാത്രമല്ല, പരാതിക്ക് രസീത് കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ആ ബോർഡിന്റെ കൂട്ടത്തിൽത്തന്നെ പരാതി നൽകിയാൽ രസീത് കൊടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന നിർദ്ദേശം കൂടി രേഖപ്പെടുത്തിയാൽ കുറച്ചൊക്കെ ഇതിനു പരിഹാരമുണ്ടാക്കാൻ കഴിയും. അതിനുള്ള നടപടി കൂടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : പോലീസുകാർ രസീത് കൊടുക്കാൻ ബാധ്യസ്ഥരാണെന്ന് ഞാൻ പറഞ്ഞ കൂട്ടത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. അത് ഇല്ലെങ്കിൽ നിങ്ങൾ പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ പരിഗണനയിലുണ്ട്. പത്ത് നിർദ്ദേശങ്ങൾ ഒരു സ്ഥലത്ത് മാത്രമല്ല, പല സ്ഥലത്തുമുണ്ട്. ഇല്ലാത്ത സ്ഥലവുമുണ്ടാകാം. ഇല്ലെന്നു പറയുന്നത് ശരിയല്ല. ഞാനും അന്വേഷിച്ചിട്ടുണ്ട്. ഇല്ലാത്ത സ്ഥലവുമുണ്ട് വച്ച സ്ഥലവുമുണ്ട്. ഇല്ലാത്ത സ്ഥലത്തുകൂടി വയ്ക്കാനാവശ്യമായ നിർദ്ദേശം കൊടുക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള നിരവധി പദ്ധതികളെക്കുറിച്ചു ഇവിടെ വിശദീകരിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം സ്ത്രീ പീഡനങ്ങളെക്കുറിച്ചുള്ള കേസ്സുകൾ വർദ്ധിച്ചിരിക്കുകയാണ്. 1995-96 ന്റെ ഇരട്ടി കേസ്സുകൾ 1997-98-ൽ ഉണ്ടായി എന്ന് സി.എ.ജി.യുടെ 1997-98-ലെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശിച്ച പരിഷ്കാരങ്ങളൊന്നും പോരാ. സ്ത്രീപീഡനം അങ്ങയുടെ ഭരണത്തിൽ വർദ്ധിക്കുന്നുവെന്ന് സി.എ.ജി. തന്നെ പറഞ്ഞ സ്ഥിതിക്ക് അത് തടയാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നു? അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം വളരെ ശരിയാണ്. അദ്ദേഹം ഇവിടെ ട്രാഫിക് അപകടത്തെക്കുറിച്ചു പറഞ്ഞു. അതിൽ ഒരു ചെറിയ തിരുത്തുണ്ട്. ട്രാഫിക് അപകടം രണ്ടു മാസമായി കുറഞ്ഞിരിക്കുകയാണ്. റോഡുകളൊക്കെ തകർന്നതുകൊണ്ട് വളരെ പതുക്കെയാണ് വാഹനങ്ങൾ പോകുന്നത്. റോഡുകൾ നന്നായാൽ ട്രാഫിക് അപകടങ്ങൾ വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. അതിനുള്ള എന്ത് നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : റോഡ് നന്നാക്കരുതെന്നും അത് ഇന്നത്തെ നിലയിൽത്തന്നെ ചീത്തയായി കിടക്കണമെന്നുമാണ് അങ്ങയുടെ നിർദ്ദേശം. അതിനോട് യോജിപ്പില്ല. രണ്ടാമത്, സ്ത്രീപീഡനത്തിന്റെ കണക്കാണ്. നിങ്ങൾ ഭരിച്ച കാലത്ത് കണക്കൊന്നും കൊടുക്കാറില്ല. ഇപ്പോൾ ഒരു ചെറിയ പീഡനമുണ്ടെങ്കിലും കണക്കുവരും. പോലീസിനെ ചോദ്യം ചെയ്യുകയും ചെയ്യും. അതുകൊണ്ട് ഇപ്പോൾ എല്ലാവരും ധൈര്യപൂർവ്വം കണക്ക് കൊടുക്കും. നിങ്ങളുടെ കാലത്ത് ധൈര്യപൂർവ്വം കണക്ക് കൊടുക്കുകയില്ല. അതാണ് വ്യത്യാസം. നമ്മുടെ കാലത്തുള്ള വ്യത്യാസമെന്താണെന്നുവച്ചാൽ ഏത് സ്ത്രീക്കും ചെറിയ ഒരു വിഷമമുണ്ടെങ്കിൽ ഉടൻ റിക്കാർഡ് കൊടുക്കാം. ഒരു കുഴപ്പവുമില്ല. നിങ്ങളുടെ കാലത്ത് കൊടുത്തിട്ട് കാര്യവുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് കണക്കെടുത്ത് പറഞ്ഞാൽ ശരിയാവുകയില്ല. നമ്മുടെ കാലത്ത് എല്ലാവരും കണക്ക് കൊടുക്കണം.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : 19 മാതൃക പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വെളിപ്പെടുത്തുമോ? സംസ്ഥാനത്തുള്ള മറ്റ് പോലീസ് സ്റ്റേഷനുകൾക്കൂടി മാതൃക പോലീസ് സ്റ്റേഷനുകളിലുള്ള സൗകര്യമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : പേട്ട, തമ്പാനൂർ, കന്റോൺമെന്റ്, പേരൂർക്കട, ഫോർട്ട്, വെഞ്ഞാറമ്മൂട്, ആറ്റിങ്ങൽ, കരുനാഗപ്പള്ളി, ആറൻമുള, കിടങ്ങൂർ, കാഞ്ഞാർ, കളമശ്ശേരി, മലമ്പുഴ, പെരിന്തൽമണ്ണ, പയ്യോളി, സുൽത്താൻ ബത്തേരി, മീനങ്ങാടി, നീലേശ്വരം, കുമ്പള എന്നിവിടങ്ങളിലെ പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനുകളായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ 100 പോലീസ് സ്റ്റേഷനുകളിൽക്കൂടി റിസപ്ഷൻ കൗണ്ടറുകൾ നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതാണ്. മറ്റു പോലീസ് സ്റ്റേഷനുകളിൽക്കൂടി മാതൃക പോലീസ് സ്റ്റേഷനിലെ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> : പോലീസ് സ്റ്റേഷനുകളിൽ ഒരുപാട് മാറ്റങ്ങളൊക്കെ വരുത്തി. പക്ഷെ നമ്മുടെ സംസ്ഥാനത്ത് ജോലിഭാരം വളരെ കൂടുതലുള്ള കുറെ പോലീസ് സ്റ്റേഷനുകളുണ്ട്. നിലവിലുള്ള പോലീസ് സ്റ്റേഷനുകളുടെ അതിർത്തി ഒന്നു കൂടി പരിശോധിച്ചു അവിടത്തെ ഏരിയ ഓഫ് ഓപ്പറേഷൻ എങ്ങനെയാണെന്ന് ഒരു പുനഃക്രമീകരണം നടത്തണം. പോലീസ് സ്റ്റേഷനുകളുടെ അതിർത്തികളുൾപ്പെടെ വരുത്തുന്ന കാര്യത്തെക്കുറിച്ച്..... നമ്പർ കൂട്ടണമെന്ന് ഞാൻ പറയുന്നില്ല, സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ജനങ്ങൾക്ക് കൂടുതൽ സൗകര്യമായ രീതിയിൽ സാമീപ്യമുള്ള പ്രദേ

LIBRARY ARCHIVES Kerala Legislative Assembly

ശങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിൽ ചേർക്കത്തക്കനിലയിലുള്ള നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുക്കുമോ? അതായത് വലിപ്പം കൂടിയത് അങ്ങോട്ടുമിങ്ങോട്ടും മാറ്റുകയോ മറിക്കുകയോ ചെയ്യുക. പുതിയ സ്റ്റേഷൻ തുടങ്ങാൻ കഴിയുന്നത് തുടങ്ങുക, അല്ലെങ്കിൽ ഗതാഗതസൗകര്യങ്ങളുടെയൊക്കെ പ്രത്യേകത വച്ചുകൊണ്ട് സാമീപ്യം നോക്കി പോലീസ് സ്റ്റേഷനുകളുടെ അതിർത്തി നിശ്ചയിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു നല്ല നിർദ്ദേശമാണ്. ഒരു കമ്മീഷനെവച്ച് അന്വേഷിപ്പിച്ചിട്ട് നടപടിയെടുക്കാം.

<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> : സംസ്ഥാനത്തെ പോലീസ് വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പരിഷ്കാരങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇപ്പോൾ കൂടുതലായി കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാനുള്ള സാദ്ധ്യതകളുണ്ട്. വനിതാ സെല്ലുകളുടെ ജില്ലാതലത്തിലുള്ള പ്രവർത്തനം നമ്മൾ ആഗ്രഹിക്കുന്ന വിധത്തിൽ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. വിമൺ ആന്റ് ചിൽഡ്രൺ വെൽഫെയർ കമ്മിറ്റിയുടെ എല്ലാ ജില്ലകളിലുമുള്ള സിറ്റിംഗിൽ ഞങ്ങൾക്ക് സ്ഥിരമായി കിട്ടുന്ന ആക്ഷേപം അവിടത്തെ ജില്ലാ വനിതാ സെല്ലുകൾക്ക് പ്രവർത്തിക്കാനാവശ്യമായ സൗകര്യങ്ങളില്ല എന്നാണ്. സ്ഥലസൗകര്യം മാത്രമല്ല, ടെലിഫോൺ, കൺവേയൻസ് തുടങ്ങി എല്ലാ ബുദ്ധിമുട്ടുകളുമുണ്ട്. അത് പരിഹരിച്ചുകൊണ്ട് നമ്മുടെ ജില്ലാ വനിതാ സെല്ലുകളെ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികളെടുക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ബഹുമാനപ്പെട്ട മെംബർ പറഞ്ഞത് കാറോ, ബസ്സോ, ഫോണോ ഒക്കെ ജില്ലകൾക്കില്ലെന്നുള്ളതായിരിക്കും. ഇത് പ്രത്യേകം ചൂണ്ടിക്കാണിച്ചാൽ അതിനാവശ്യമായ നടപടിയെടുക്കാം. ഇന്ന സ്ഥലത്ത് ഫോണില്ല, കാറില്ല ഇതൊക്കെയായിരിക്കണം മനസ്സിൽ. ഞാൻ ഉദ്ദേശിക്കുന്നത് അതാണ്. അത് പ്രത്യേകം ചൂണ്ടിക്കാണിച്ചാൽ അത്തരം സ്പെസിഫിക് സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്ന കാര്യം ആലോചിക്കാം.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : കോടതികളുടെയും ഗവൺമെന്റിന്റെയും നടപടികൾ മൂലം വർഷങ്ങൾക്ക് മുൻപ് നടന്ന പല കേസ്സുകളിലും പ്രതികളായ പോലീസ്സുകാർക്കെതിരെ അന്വേഷണങ്ങളും നടപടികളുമാരംഭിച്ചിട്ടുണ്ട്. അത് പോലീസിന്റെ മൊറാലിറ്റി നശിപ്പിക്കുമോയെന്നു എനിക്കറിഞ്ഞുകൂടാ. ഏതായാലും ഗവൺമെന്റ് മാറിയാലും പോലീസ്സുകാർ മാറാറില്ല. സുപ്രീം കോടതിയുടെയും ജുഡീഷ്യൽ എൻക്വയറിയുടെയും അടിസ്ഥാനത്തിൽ നക്സലേറ്റ് വധവും കുത്തുപറമ്പു വെടിവെയ്പും പോലുള്ള കാര്യങ്ങളൊക്കെ അന്വേഷിക്കുന്ന ഈ ഗവൺമെൻറ് പാലക്കാട് സിറാജുന്നീസയുടെ വെടിവെയ്പ് കേസ്സ് ക്രൈംബ്രാഞ്ചിനു വിടാതെ അതിൽ ഒരു ഐ.ജി. പ്രതിയായ സാഹചര്യത്തിൽ, അതുപോലെ മലപ്പുറം വെടിവയ്പ് മറ്റ് കമ്മിഷന്റേയും കോടതികളുടെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുമ്പോൾ സിറാജുന്നീസയും വെടിവയ്പിനുത്തരവാദിയായ ഐ.ജി. അടക്കമുള്ള ആളുകൾ, അതുപോലെ മലപ്പുറം വെടിവെയ്പിൽ നാരായണപിള്ള കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ പ്രതികൾ ഇവർക്കെതിരായി അന്വേഷണം നടത്താൻ സി.ബി.ഐ.യോട് ഈ ഗവൺമെന്റ് ആവശ്യപ്പെടുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇത്തരം കാര്യങ്ങളിൽ അന്വേഷണം നടത്താൻ സി.ബി.ഐ. വേണ്ട. നമ്മുടെ പോലീസ് തന്നെ അന്വേഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കാൻ തടസ്സമില്ല. നമുക്ക് കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കുന്നതാണ്. സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന അഭിപ്രായത്തെക്കുറിച്ച് നമുക്ക് ആലോചിക്കാം. അപ്പോൾ നമ്മുടെ കുഴപ്പം തീർന്നു, ഒക്കെ സി.ബി. ഐ. നോക്കിക്കൊള്ളും. അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. ബി. വിജയകുമാർ</u> : ഹരിജൻ സ്ത്രീകളുടെ പരാതികൾ പരിശോധിക്കുന്നതിന് ഐ.ജി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇപ്പോൾ ദൈവങ്ങളുടെ കാര്യം അന്വേഷിക്കാൻ പോലീസിന്റെ ഒരു പ്രത്യേക വിഭാഗം വേണമെന്നുള്ള സ്ഥിതിയുമുണ്ട്. ഭക്തജനങ്ങൾ വിവാഹത്തിനും മറ്റ് മംഗള കർമ്മത്തിനും പോകുമ്പോൾ തേങ്ങ വാങ്ങി ഉടയ്ക്കാനുള്ള സൗകര്യം പഴവങ്ങാടി ഗണപതി കോവിലിനു മുൻപിലുണ്ടായിരുന്നു. ഞങ്ങളൊക്കെ ജനിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന സൗകര്യമായിരുന്നു അത്. ശ്രീ. ജോതി ബസു ഇവിടെ വന്നപ്പോൾ 1001 തേങ്ങ അവിടെ അടിച്ചു. ആ സൗകര്യം ഇന്ന് അവസാനിപ്പിച്ചുകൊണ്ട് പോലീസ് ആ നാളികേരം മുഴുവൻ എടുത്തുകൊണ്ടുപോവുകയും അവിടെ അത്യാവശ്യത്തിനു വരുന്ന ആളുകൾ എവിടെയെങ്കിലും ചെന്ന്, കിലോമീറ്ററോളം പോയി തേങ്ങ വാങ്ങിക്കൊണ്ടുവന്ന് ഉടയ്ക്കേണ്ട ഒരു ഗതികേട് പോലീസ് നടപ്പിൽ വരുത്തിയത് അങ്ങ് പറഞ്ഞ പരിഷ്കാരങ്ങളുടെ ഭാഗമാണോ; അല്ലെങ്കിൽ ആ നടപടി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇപ്പോൾ പിൻവലിക്കാൻ ആവുകയില്ല. എന്താണ് കാരണമെന്ന് പറഞ്ഞാൽ അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശക്തി ഏതാണെന്ന് എനിക്കറിയാം. ഡി.വൈ.എഫ്.ഐ.ക്കാരുടെ ഒരു ഗ്രൂപ്പും ബി.ജെ.പി.ക്കാരുടെ ഒരു ഗ്രൂപ്പും അവിടെ തേങ്ങ വിൽക്കുന്നുണ്ട്. ബി.ജെ.പി വിൽക്കുന്ന തേങ്ങ മാത്രമേ അവിടെ ഉടയ്ക്കാവൂ എന്ന നിബന്ധന വന്നപ്പോൾ കമ്മീഷണറും പോലീസും ഉത്തരവാദപ്പെട്ടവരും കൂടി ആലോചിച്ചു പരിഹരിക്കണമെന്ന് നിർദ്ദേശം കൊടുത്തു. ഞങ്ങൾ അതിൽ ഇടപെടുന്നില്ല. ഇവിടുത്തെ കോർപ്പറേഷൻ കമ്മീഷണറും പോലീസും അതിന്റെ ഭാരവാഹികളും കൂടിയാലോചിച്ച് പ്രശ്നം തീർക്കണം. നിങ്ങൾ പറഞ്ഞത് ആർ.എസ്. എസ്.ന് പിൻതുണയാണ് എന്ന് അതിനു എന്നെ കിട്ടുകയില്ല. അതിന്റെ പിന്നിലുള്ള ചരിത്രം ഞാൻ പഠിച്ചിരിക്കുകയാണ്. വളരെക്കാലമായി ഒരു കക്ഷി നടത്തിക്കൊണ്ടിരിക്കുന്നതിൽ വേറൊരു കക്ഷി ഇപ്പോൾ പ്രവേശിച്ചു. രണ്ട് കക്ഷികളും തമ്മിൽ സംഘട്ടനമായി. ഡി.വൈ.എഫ്.ഐ.യും ആർ.എസ്. എസും. കമ്മീഷണറും പോലീസും അവിടത്തെ ഭാരവാഹികളും തമ്മിൽ ചർച്ച ചെയ്ത് പ്രശ്നം തീർക്കണം. ഞങ്ങൾ അതിലില്ല. നിങ്ങൾക്ക് അതിന്റെ കഥ അറിയില്ല. എനിക്കറിയാം. എന്നെ കിട്ടുകയില്ല. നിങ്ങൾ ആർ.എസ്. എസ്സിന്റെ ആളായിട്ടു പറഞ്ഞാൽ അതിന്റെ മുഴവൻ കഥകളും അറിയുന്നവനാണ് ഞാൻ. നിങ്ങൾക്ക് ഒന്നും അറിയില്ല.തേങ്ങയുടെ കഥയാണ് ഇതിനു പിന്നിൽ. അതാണ് ഞാൻ പറഞ്ഞത് ശ്രീ.ബി.വിജയകുമാർ എന്നോടു കഥയൊന്നും പറയണ്ട.

3 (*3) ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തന പുരോഗതി

<u>ശ്രീ. പി. വിശ്വൻ</u>

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> :

LIBRARY ARCHIVES Kerala Legislative Assembly

4. അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് --- മെമ്പർ
5. ആരോഗ്യ വകുപ്പ് ഡയറക്ടർ --- മെമ്പർ
6. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പു ഡയറക്ടർ --- മെമ്പർ
7. ഡയറക്ടർ, റീജിയണൽ ക്യാൻസർ സെന്റർ ---- മെമ്പർ
8. ഡയറക്ടർ നാട്ടുചികിൽസാ വകുപ്പ് --- മെമ്പർ
9. ജില്ലാ കളക്ടർ, തിരുവനന്തപുരം ---- മെമ്പർ
10. ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ ഒരംഗം--- മെമ്പർ
11. ലയൺസ് ക്ലബ്ബിന്റെ ഒരംഗം ---- മെമ്പർ
12. റോട്ടറി ക്ലബ്ബിന്റെ ഒരംഗം ---- മെമ്പർ
13. ഫിനാൻസ് ആഫീസർ, ആരോഗ്യ വകുപ്പു ഡയറക്ടറേറ്റ്-- ട്രഷർ

അനുബന്ധം - 2

(21.6.99-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2 (*2) കാണുക)

മുഖ്യമന്ത്രിയുടെ പത്ത് നിർദ്ദേശങ്ങൾ

1. പോലീസ് സ്റ്റേഷനുകളുമായും പോലീസ് വകുപ്പിലെ മറ്റ് ഓഫീസുകളുമായും നേരിട്ടോ ഫോൺമുഖേനയോ ബന്ധപ്പെടുന്ന പരാതിക്കാരോടും നിയമപരമായ സഹായം അഭ്യർത്ഥിക്കുന്നവരോടും മാന്യമായി പെരുമാറേണ്ടതാണ്.

2. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, സ്ത്രീകൾ, മത-ഭാഷാ ന്യൂനപക്ഷങ്ങൾ, സാംസ്ക്കാരികമായും സാമുദായികമായുമുള്ള പിന്നോക്കവിഭാഗക്കാർ എന്നിവരുടെ പരാതികളിന്മേൽ പ്രത്യേക പരിഗണന നൽകി സത്വര നടപടികൾ എടുക്കേണ്ടതാണ്.

3. സ്റ്റേഷനുകളിലും, ഓഫീസുകളിലും ലഭിക്കുന്ന ഹർജികൾക്ക് നിർബന്ധമായും രസീതുകൾ നൽകേണ്ടതാണ്. എഫ്.ഐ. ആറിന്റെ ശരിപകർപ്പ് പരാതിക്കാരന് നൽകേണ്ടതാണെന്ന നിബന്ധന കർശനമായി പാലിക്കണം.

4. കുറ്റകൃത്യങ്ങളും, അക്രമസംഭവങ്ങളും തടയാൻ നിതാന്തജാഗ്രത പുലർത്തേണ്ടതാണ്. എവിടെയെങ്കിലും അക്രമസംഭവങ്ങൾ (പ്രത്യേകിച്ച് വർഗ്ഗീയ സ്വഭാവമുള്ളവ) ഉണ്ടായാൽ സംഭവസ്ഥലത്ത് പോലീസ് ഉടനെ എത്തേണ്ടതാണ്. സംഭവത്തിന്റെ ഗൗരവത്തിനനുസരിച്ച് മേലുദ്യോഗസ്ഥന്മാരും സ്ഥലത്തെത്തണം. പോലീസ് ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ഡ്യൂട്ടി കേന്ദ്രങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം.

5. കേസന്വേഷണത്തിലും, കോടതിക്ക് കുറ്റപത്രം നൽകുന്നതിലും കാലതാമസം ഉണ്ടാകാൻ പാടില്ല. കേസന്വേഷണത്തിൽ മേലുദ്യോഗസ്ഥന്മാരുടെ പരിശോധനയും, മേൽനോട്ടവും ഉണ്ടായിരിക്കണം.

6. വാർത്താമാധ്യമങ്ങളിൽ കേസന്വേഷണത്തെക്കുറിച്ചും മറ്റുമുള്ള വിവരങ്ങൾ അനവസരത്തിൽ നൽകുന്ന പ്രവണത അവസാനിപ്പിക്കണം. പോലീസ് ഉദ്യോഗസ്ഥന്മാർ വ്യാപാര സ്ഥാപനങ്ങളുടെ ചടങ്ങുകളിൽ പങ്കെടുക്കുന്ന ശീലം ഒഴിവാക്കുക.

7. വാഹനാപകടങ്ങൾ ഒഴിവാക്കാൻ ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പിലാക്കണം. അപകടങ്ങൾ എന്തെങ്കിലും ഉണ്ടായാൽ പരിക്കേറ്റവർക്ക് ആശ്വാസവും വൈദ്യസഹായവും മറ്റും നൽകുന്നതിനുള്ള നടപടി ഉടനെ എടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

8. വനിതകളുടെ പരാതികളിന്മേൽ ഫലപ്രദമായ അടിയന്തിരനടപടി സ്വീകരിക്കുക. സംസ്ഥാന വനിതാസെല്ലിന്റെയും, ജില്ലാതല വനിതാസെല്ലിന്റെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക.

9. ആട്ടോറിക്ഷകൾ, ടാക്സികൾ, ബസുകൾ തുടങ്ങിയവ നിശ്ചിത സ്ഥലങ്ങളിൽ നിന്നും യാത്രക്കാരെ കയറ്റുന്നുവെന്നും നിയമാനുസൃതമുള്ള ചാർജ്ജ് മാത്രമേ ഈടാക്കുന്നുള്ളൂ എന്നും ഉറപ്പുവരുത്തുക. വിദ്യാലയങ്ങൾ, ഓഫീസുകൾ, തുടങ്ങിയ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ സ്ത്രീകളെയും മറ്റും ഉപദ്രവിക്കുന്ന സംഘങ്ങളെ ഇല്ലായ്മ ചെയ്യുക.

10. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ മേലുദ്യോഗസ്ഥന്മാർ സ്റ്റേഷൻ പരിശോധന നടത്തുക. എസ്.പി.മാരും അതിനു മുകളിലുള്ളവരും സ്റ്റേഷനുകൾ സന്ദർശിക്കുകയും, നേരത്തെ അറിയിപ്പു നൽകിക്കൊണ്ട് നിശ്ചിത ദിവസങ്ങളിൽ പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുകയും ചെയ്യുക.

അനുബന്ധം - 3

(21.6.99-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13 (*13) കാണുക)

ജില്ല	കന്നുകാലികൾ	എരുമ/പോത്ത്	ആട്	പന്നി	കാള	ആകെ
തിരുവനന്തപുരം	3,965	18	332	..	..	4,315
കൊല്ലം	466	..	23	..	..	489
പത്തനംതിട്ട	287	4	9	..	..	300
ആലപ്പുഴ	3,087	6	851	35	4	3,983
കോട്ടയം	1,331	2	156	..	..	1,489
ഇടുക്കി	227	..	17	9	..	253
എറണാകുളം	187	..	..	20	..	207
തൃശ്ശൂർ	3,984	179	180	32	..	4,375
പാലക്കാട്	2,800	17	145	..	..	2,962
മലപ്പുറം	..	..	..	..	..	..
കോഴിക്കോട്	78	..	..	..	..	78
വയനാട്	2	..	..	..	..	2
കണ്ണൂർ	617	..	7	2	..	626
കാസർഗോഡ്	141	..	..	..	..	141
ആകെ	17,172	226	1,720	98	4	19,220

അനുബന്ധം - 4

Tenth Kerala Legislative Assembly

Bill No. 201

THE GURUVAYOOR DEVASWOM (AMENDMENT) BILL, 1999

A

BILL.

further to amend the Guruvayoor Devaswom Act, 1978

Preamble.- WHEREAS it is expedient to amend the Guruvayoor Devaswom Act, 1978, for the purposes hereinafter appearing;

LIBRARY ARCHIVES Kerala Legislative Assembly